തിരുവല്ലായിൽനിന്ന് പുതിയ ബസ് സർവ്വീസ്സുകൾ

97 [136] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനസൗകര്യത്തെ കരുതി തിരുവല്ല–തകഴി, തിരുവല്ല–ചങ്ങനാശ്ശേരി, തിരുവല്ല-കല്ലുപ്പാറ–മല്ലപ്പള്ളി, തിരുവല്ല–നിരണം എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസ്സുകൾ ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

വാഹനങ്ങളുടെ ലഭ്യത അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

തിരുവല്ലയിൽനിന്ന് പുതിയ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്സുകൾ

98 [137] ശ്രീ. പി. സി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജന സൗകര്യത്തെ കരുതി തിരുവല്ല–കോഴിക്കോട്, തിരുവല്ല–ചെങ്കോട്ട, തിരുവല്ല–ഗുരുവായൂർ എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്സുകൾ ആരംഭിക്കുവാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

വാഹനങ്ങളുടെ ലഭ്യതയും സർവ്വീസിന്റെ ആവശ്യകതയും അനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

വയനാട്ടിലെ ബസ് റൂട്ട് ദേശസാൽക്കരണം

99 [138] സർവ്വശ്രീ. കെ. രാഘവൻ മാസ്റ്റർ:
ഇ. നാരായണൻ നായർ:
എം. വി. രാജൻ:
ടി. എച്ച് മുസ്തഫ:
ജി. പി. മംഗലത്തുമഠം:

ഡോക്ടർ കെ. ജി. അടിയോടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ബസ് റൂട്ട് ദേശവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽക്കാണ്;

(സി) ദേശവൽക്കരണത്തിനു മുമ്പ് വയനാട് പ്രദേശത്ത് സർവ്വീസ് നടത്തിയിരുന്ന സ്വകാര്യ ബസ്സുകളും ട്രാൻസ്പോർട്ട് ബസ്സുകളും എത്രയെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 1-11-1976 മുതൽ.

(സി) കെ. എസ്. ആർ. ടി സി. വക ബസ്സുകൾ-21, പ്രൈവറ്റ് ബസ്സുകൾ 92.

കാൻസൽ ചെയ്ത ഷെഡ്യൂളുകൾ

100 [139] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ശരാശരി എത്ര ഷെഡ്യൂളുകൾ വീതം പ്രതിദിനം ഓരോ ട്രാൻസ്പോർട്ടു ഡിവിഷനിലും കാൻസൽ ചെയ്യുകയുണ്ടായിട്ടുണ്ട്;

(ബി) ഏറ്റവും കൂടുതൽ ഷെഡ്യൂളുകൾ കാൻസൽ ചെയ്തിരിക്കുന്ന ഡിവിഷൻ ഏതാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഓരോ ഡിപ്പോയിലും ശരാശരി പ്രതിദിനം കാൻസൽ ചെയ്തിട്ടുള്ള ട്രിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കാൻസലേഷന്റെ കണക്കുകൾ ശേഖരിക്കുന്നത് ഷെഡ്യൂളുകളായിട്ടല്ലാത്തതുകൊണ്ടാണ് ട്രിപ്പുകളുടേയും കിലോമീറ്ററിന്റേയും എണ്ണം കാണിച്ചിരിക്കുന്നത് *.

(ബി) ഏറ്റവും കൂടുതൽ ട്രിപ്പുകൾ കാൻസൽ ചെയ്തിട്ടുള്ളതു തിരുവനന്തപുരം സിറ്റി ഡിപ്പോയിലും ഏറ്റവും കൂടുതൽ കിലോമീറ്റർ കാൻസൽ ചെയ്തിട്ടുള്ളത് കൊല്ലം ഡിപ്പോയിലും ആണ്.

ആലപ്പുഴ—കായംകുളം—മലനട—കൊട്ടാരക്കര—തിരുവനന്തപുരം ഫാസ്റ്റ് പാസഞ്ചർ

101 [140] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ—കായംകുളം—മലനട—കൊട്ടാരക്കര—തിരുവനന്തപുരം വീണ്ടും പ്രസ്തുത റൂട്ടുവഴി ഏറണാകുളത്തേയ്ക്കു പോകുന്ന ഫാസ്റ്റ് പാസഞ്ചർ ബസ് സർവീസ് നിറുത്തിവച്ചിരുന്നത് വീണ്ടും തുടങ്ങുവാൻ ഗവൺമെന്റ് ഉത്തരവിട്ടിട്ടും സർവ്വീസ് തുടങ്ങുവാനുള്ള കാലതാമസം എന്താണ്;

(ബി) പ്രസ്തുത സർവ്വീസ് ഉടനെ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മലനട ഉൽസവം പ്രമാണിച്ചു താൽക്കാലികാടിസ്ഥാനത്തിലാണ് പ്രസ്തുത സർവ്വീസ് നടത്തിയിരുന്നത്.

(ബി) വാഹനദൗർലഭ്യം പരിഹരിക്കപ്പെടുന്നതോടുകൂടി ഈ ആവശ്യം പരിഗണിക്കുന്നതാണ്.

* അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly